പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1153 | 20/01/2014 ൽ മറുപടിയ്ക്ക്

## ഉപജില്ല വിദ്യാഭ്യാസ ഓഫീസുകളിലെ ടെലഫോൺ ചാർജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള ഉപജില്ലാ വിദ്യാഭ്യാസ ആഫീസുകൾക്ക് 2011-12, 2012-13, 2013-14 വർഷങ്ങളിൽ ടെലഫോൺ ചാർജിനത്തിൽ എത്ര തുക വീതം നൽകിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ ;<br><br>(ബി) പ്രസ്തുത ഇനത്തിൽ തുക നൽകിയിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;<br><br>(സി) ഉപജില്ലാ ആഫീസുകളിൽ ടെലഫോൺ ചാർജ് ഒടുക്കുന്നതിനായി ഏതെല്ലാം തരത്തിലുള്ള ഫണ്ട് വിനിയോഗിക്കുന്നതിന് നിലവിൽ നിയമസാധുത ഉണ്ടെന്നറിയിക്കുമോ ; | (എ) യും (ബി) യും (സി) യും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ടെലഫോൺ ചാർജ് വഹിക്കുന്നതിന് ബഡ്ജറ്റിൽ തുക വക കൊള്ളിച്ചിട്ടില്ലാത്തതിനാൽ 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസുകൾക്ക് ടെലഫോൺ ചാർജ്ജിനത്തിൽ തുകയൊന്നും തന്നെ അനുവദിച്ച് നൽകിയിട്ടില്ല. ഭൂരിപക്ഷം ഉപജില്ലാ, വിദ്യാഭ്യാസ ഓഫീസുകളിലും ടെലഫോൺ സ്ഥാപിച്ചിരിക്കുന്നത് ഹെഡ്മാസ്റ്റേഴ്സ് ഫോറത്തിന്റെ പേരിലാണ്. നിലവിൽ ഡിപ്പാർട്ട്മെന്റിൽ ഈ ഇനത്തിൽ തുക അനുവദിക്കാത്തതിനാൽ സമയാസമയങ്ങളിൽ വരുന്ന ടെലഫോൺ ബില്ലുകൾ അതാത് ഉപജില്ലാ ഹെഡ്മാസ്റ്റർ ഫോറമോ അതാത് ഉപജില്ലാ ഓഫീസിലെ ജീവനക്കാർ സ്വന്തം നിലയിലോ എടുത്താണ് എല്ലാ ഉപജില്ലാ ഓഫീസുകളിലെയും ടെലഫോൺ ചാർജ് കണ്ടെത്തുന്നത്. |
| (ഡി) ടെലഫോൺ ചാർജ് ഒടുക്കാത്ത കാരണത്താൽ ഏതെല്ലാം ഉപജില്ലാ ആഫീസുകളിലെ കണക്ഷൻ ഈ കാലയളവിൽ വിച്ഛേദിച്ചിട്ടുണ്ടെന്നറിയിക്കുമോ ; | (ഡി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| (ഇ) ഉപജില്ലാ ആഫീസുകൾക്ക് യഥാസമയം ടെലഫോൺ ചാർജ്ജ് ഒടുക്കുന്നതിലേക്ക് തുക അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഇ) നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ